(ബി) അപേക്ഷയിൻമേൽ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ അപേക്ഷയിൻമേൽ ഉടൻ തീരുമാനമെടുക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ബിവറേജസ് കോർപ്പറേഷനിലെ തസ്തികകൾ

102 (3733) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൽ പി. എസ്. സി. വഴി നിയമനം നടത്തുന്നവ ഏതെല്ലാം ;

(സി) ബിവറേജസ് കോർപ്പറേഷനിലുള്ള ലോവർ ഡിവിഷൻ ക്ലാർക്ക്, അസിസ്റ്റന്റ് ഗ്രേഡ് II, കമ്പ്യൂട്ടർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണ് ;

(ഡി) പ്രൊമോഷൻ തസ്തിക ലഭിക്കുവാൻ വേണ്ട അധിക യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത മാനദണ്ഡം ഉപയോഗിച്ചാണ് പ്രൊമോഷനുകൾ നൽകുന്നത് ;

(ഇ) നിയമനങ്ങളും പ്രൊമോഷനുകളും നടപ്പാക്കുന്നതിന് എന്തെങ്കിലും സ്റ്റാറ്റ്യൂട്ടോ, ചട്ടങ്ങളോ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏത് നിയമം അനുസരിച്ചാണ് പ്രൊമോഷനുകൾ നടത്തുന്നത് ;

(എഫ്) സ്റ്റാഫ് പാറ്റേണും സ്റ്റാറ്റ്യൂട്ടും ഇല്ലെങ്കിൽ നിയമനങ്ങൾക്കും പ്രൊമോഷനും വേണ്ട നിയമനിർമ്മാണം നടത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ 18 വിഭാഗങ്ങളിലായി 1721 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് ഗ്രേഡ് II, എൽ.ഡി. ക്ലാർക്ക്, കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ, സ്റ്റെനോഗ്രാഫർ, ടൈപ്പിസ്റ്റ് ഗ്രേഡ് II, ഹെൽപ്പർ/പ്യൂൺ, ഡ്രൈവർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലോവർ ഡിവിഷൻ ക്ലാർക്കിന്റെ പ്രൊമോഷൻ തസ്തിക അപ്പർ ഡിവിഷൻ ക്ലർക്കും കൂടാതെ ലോവർ ഡിവിഷൻ ക്ലാർക്കുമാരിൽ അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ യോഗ്യത ഉള്ളവരെ നിശ്ചിത അനുപാതത്തിൽ അസിസ്റ്റൻറ് ഗ്രേഡ് II ആയി ഉദ്യോഗക്കയറ്റവും നൽകുന്നു. അസിസ്റ്റന്റ് ഗ്രേഡ് II-ന്റെ പ്രൊമോഷൻ തസ്തിക അസിസ്റ്റന്റ് ഗ്രേഡ് I-ഉം കമ്പ്യൂട്ടർ പ്രോഗ്രാമറുടേത് അസിസ്റ്റന്റ് മാനേജർ/ അക്കൗണ്ടന്റുമാണ്.

(ഡി) നിശ്ചയിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ എംപ്ലോയീസ് സർവ്വീസ് റൂൾ പ്രകാരം.

(എഫ്) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ ആവശ്യകത അനുസരിച്ചുള്ള സ്റ്റാഫ് പാറ്റേൺ നിലവിലില്ല. സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ നിയോഗിച്ചിട്ടുണ്ട്.

കള്ള് വ്യവസായ രംഗത്തെ നവീകരണം

103 (3734) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കള്ള് വ്യവസായത്തിന്റെ നവീകരണത്തിനും വികസനത്തിനും സർക്കാർ പരിഗണിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) കള്ളുചെത്ത് വ്യവസായരംഗത്തെ തൊഴിലാളി സംയുക്ത സമരസമിതി ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; ആവശ്യങ്ങളോടുള്ള സർക്കാർ നിലപാട് വിശദമാക്കാമോ;

(സി) ടോഡി ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) തൊഴിലാളികളുടെ ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly